"ഭരണഭാഷ മാതൃഭാഷ"

"കസ്റ്റഡി
തിരുത്തൽ
നവീകരണം
പുനരധിവാസം"
www.keralaprisons.gov.in

കേരള പ്രിസൺസ് &കറക്ഷണൽ സർവ്വീസസ്

ജയിൽ ആസ്ഥാനകാര്യാലയം,
തിരുവനന്തപുരം.
ഫോൺ -0471-2342532
ഇ-മെയിൽ -
keralaprisons@gov.in

KPCS/2058/2025-E2

**സർക്കുലർ നം - 06/2025**

സാമൂഹമാധ്യമങ്ങൾ കൈകാര്യം ചെയ്യുമ്പോൾ ജയിൽ വകുപ്പിലെ ജീവനക്കാർ ചുവടെ ചേർക്കുന്ന നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

1. വകുപ്പിനൊ, സ്ഥാപനത്തിനൊ, ജീവനകാർക്കൊ പൊതുജനങ്ങൾക്കൊ എതിരെ അപകീർത്തിപരമായ പ്രസ്ഥാവനകൾ ഇറക്കുന്നതും പോസ്റ്റ് ചെയ്യുന്നതും IPC 499, BNS 356 എന്നിവ പ്രകാരം ക്രിമിനൽ കുറ്റം ആയതിനാൽ ആയത് ജീവനക്കാർ ഒഴിവാക്കേണ്ടതാണ്.
2. വകുപ്പിനെതിരെയുള്ള അപകീർത്തിപരമായ പ്രസ്ഥാവനകൾ ശ്രദ്ധയിൽപ്പെട്ടാൽ ആയതിന് നിഷേധകുറിപ്പ് നൽകാൻ ആഗ്രഹിക്കുന്നുണ്ടെങ്കിൽ ആയത് വകുപ്പദ്ധ്യക്ഷന്റെ അംഗീകാരം ലഭ്യമായ ശേഷം നൽകാവുന്നതാണ്.
3. വകുപ്പിന്റെ പ്രവർത്തനങ്ങളെ സംബന്ധിച്ചുള്ള വിവരങ്ങൾ (കൃഷി, വ്യവസായങ്ങൾ മറ്റ് പ്രവർത്തനങ്ങൾ) സ്വകാര്യ സാമൂഹ്യ മാധ്യമങ്ങളിൽ പ്രസിദ്ധപ്പെടുത്താതിരിക്കാൻ ശ്രദ്ധിക്കേണ്ടതും, വകുപ്പിന്റെ ഇത്തരം പ്രവർത്തനങ്ങളെ സംബന്ധിച്ച് പൊതു ജനങ്ങളെ അറിയിക്കാൻ ആഗ്രഹിക്കുന്നുണ്ടെങ്കിൽ ആയത് വകുപ്പദ്ധ്യക്ഷന്റെ അംഗീകാരത്തോടെ ജയിൽ വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്താവുന്നതുമാണ്.
4. എല്ലാ ജീവനക്കാരും വകുപ്പിന്റെ ആശയങ്ങൾക്കും ധാർമ്മികതയ്ക്കും മൂല്ല്യങ്ങൾക്കും അനുസരിച്ച് പ്രവർത്തിക്കേണ്ടതും സർക്കാർ ജീവനക്കാർ എന്ന നിലയിൽ ജോലിയുടെ അന്തസത്ത ഉയർത്തുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്.
5. എല്ലാ വ്യക്തികൾക്കും ബഹുമാനം നൽകേണ്ടതും വിവേചനരഹിതമായി പെരുമാറേണ്ടതും മോശം പരാമർശങ്ങളും ഭാഷയും പെരുമാറ്റവും ഒഴിവാക്കേണ്ടതുമാണ്.
6. സ്വകാര്യ ആവശ്യങ്ങൾക്ക് ഔദ്യോഗിക അക്കൗണ്ടുകൾ ഉപയോഗിക്കാൻ പാടില്ല.
7. എല്ലാ ജീവനക്കാരും കേരള സർക്കാർ ജീവനക്കാരുടെ പെരുമാറ്റ ചട്ടത്തിലെ ചട്ടം 60 (a), 74- എന്നിവയിൽ വ്യവസ്ഥ ചെയ്തിട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.
8. സർക്കാർ ജീവനക്കാരുടെ സാമൂഹ്യമാധ്യമങ്ങളിലെ ഉപയോഗവുമായി ബന്ധപ്പെട്ട് കേന്ദ്ര സംസ്ഥാന സർക്കാരുകൾ കാലാകാലങ്ങളിൽ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളും മാർഗ്ഗ നിർദ്ദേശങ്ങളും BPRD യുടെ മാർഗ്ഗനിർദ്ദേശങ്ങളും എല്ലാ ജീവനക്കാരും കർശനമായി പാലിക്കേണ്ടതാണ്.

മുകളിൽ പ്രതിപാദിച്ചിട്ടുള്ള മാർഗ്ഗ നിദ്ദേശങ്ങൾക്ക് വിരുദ്ധമായി പ്രവർത്തിക്കുന്നത് പ്രസ്തുത ജീവനക്കാരുടെ സ്വന്തം ഉത്തരവാദിത്യത്തിൽ ആയിരിക്കുന്നതും ആയത് വകുപ്പുതല നടപടികൾക്ക് വിധേയമാകേണ്ടിവരുന്നതാണെന്നും അറിയിക്കുന്നു.

Vinod Kumar M K
DEPUTY INSPECTOR GENERAL

Signed by
M K Vinodkumar
Date: 22-04-2025 16:46:32

സ്വീകർത്താവ്ഃ:- ജയിൽ വകുപ്പിലെ എല്ലാ ജീവനകാർക്കും
(സ്ഥാപന മേധാവികൾ മുഖാന്തിരം)

പകർപ്പ് :-